**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 24** **29-01-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. രാജ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാകുന്ന കെ-സ്മാർട്ട് പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | K SMART നഗരഭരണ സ്ഥാപനങ്ങളിൽ 2024 ജനുവരി 1 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ജനന മരണ വിവാഹ രജിസ്ട്രേഷൻ, ബിൽഡിങ് പെർമിഷൻസ്, പ്രോപ്പർട്ടി ടാക്സ്, ലൈസൻസ്, പരാതി പരിഹാരം, എച്ച്.ആർ.എം.എസ്, ഡിജിറ്റൽ ഫയൽ മാനേജ്മെൻറ്, ഫിനാൻസ്, മൊബൈൽ ആപ്പ് എന്നീ മൊഡ്യൂളുകൾ വഴി 72 ഓളം സേവനങ്ങളാണ് ആദ്യ ഘട്ടത്തിൽ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളത്. |
| (ബി) | സാങ്കേതികവിദ്യാരംഗത്തെ മുന്നേറ്റങ്ങളെ ജനോപകാരപ്രദമായി ഉപയോഗിക്കുന്ന പ്രവൃത്തികളിൽ പ്രധാന്യമർഹിക്കുന്ന ഒന്നായി കെ-സ്മാർട്ട് പദ്ധതി വിലയിരുത്തപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കെ-സ്മാർട്ട് ആപ്പിന്റെ സേവനങ്ങൾ വഴി സാധ്യമാകുമോ; വിശദമാക്കാമോ? | (സി) | പ്രവാസികൾക്ക് ഓൺലൈനായി അപേക്ഷകൾ നല്കുന്നതിനും സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ക്രമീകരണം, ഏർപ്പെടുത്തിയിട്ടുണ്ട്. കെസ്മാർട്ട് യാഥാർഥ്യമായതിലൂടെ പ്രവാസികൾക്ക് നേരിട്ടെത്താതെ തന്നെ അതാത് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ ലഭ്യമാക്കാം. ലോഗിൻ ഐഡി ഉപയോഗിച്ച് വീഡിയോ കെ വൈ സിയും പൂർത്തിയാക്കുന്നതോടെ വിവാഹരജിസ്ട്രേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ വിദേശത്തിരുന്ന് തന്നെ ചെയ്യാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ